بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 03.07.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് സഅദുബ്നു മുആദ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

കഴിഞ്ഞ ഖുത്ബകളിൽ സഅദുബ്നു മുആദ്(റ)നെക്കുറിച്ചുള്ള വിവരണം തുടർന്നു കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) *ലഹൂ മുഅഖ്ഖിബാത്തുമ്മിംബൈനി യദൈഹി വമിൻഖൽഫിഹീ യഹ്ഫദൂനഹൂ മിൻ അംരില്ലാഹ്* (സൂറഃ റഅദ്:12) അതായത് അദ്ദേഹത്തിനായി മുമ്പിലും പിമ്പിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പാറാവുകാരുണ്ട് എന്ന സൂറാ റഅദിലെ 12ാമത്തെ ആയത്തിന്റെ തഫ്സീർ നൽകിക്കൊണ്ട് പറയുന്നു; നബി(സ) തിരുമേനിയുടെ പ്രവാചകത്വ കാലം മുഴുവനും അല്ലാഹുവിന്റെ ഈ വാഗ്ദാനപ്രകാരമുള്ള സംരക്ഷണത്തിന് തെളിവാണ്. ആദരണീയ മക്കയിൽ മലക്കുകൾ തന്നെയാണ് തിരുമേനിയെ സംരക്ഷിച്ചിരുന്നത്. അല്ലാത്ത പക്ഷം ഇക്കണക്കിന് ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിട്ടും തിരുമേനിയുടെ ജീവൻ എങ്ങനെ സംരക്ഷിക്കപ്പെടാനായിരുന്നു. എന്നാൽ മദീനയിൽ എത്തിയതിൽ പിന്നെ രണ്ടു തരത്തിലുള്ള സംരക്ഷണവും ലഭിച്ചിരുന്നു. ആകാശത്തു നിന്നുള്ള മലക്കുകളുടെയും ഭൂമിയിലെ മലക്കുകളായ സ്വഹാബാക്കളുടെയും സംരക്ഷണം. ബദറിലെ യുദ്ധം ഈ ഗോപ്യവും പ്രകടവുമായ രണ്ടു തരത്തിലുമുള്ള സംരക്ഷണത്തിന് ഉത്തമ ഉദാഹരണമാണ്. നബി(സ) തിരുമേനി മദീനയിലെത്തിയപ്പോൾ മദീനാ വാസികളുമായി ഒരു ഉടമ്പടിയുണ്ടാക്കിയിരുന്നു. അതായത് തിരുമേനി മദീനയ്ക്കു പുറത്തെവിടെയെങ്കിലും പോയി യുദ്ധം ചെയ്യുന്ന പക്ഷം മദീനാവാസികൾ കൂടെ നിൽക്കാൻ നിർബന്ധിതരായിരിക്കുന്നതല്ല. ബദർ യുദ്ധാവസരത്തിൽ യുദ്ധം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നബി(സ) തിരുമേനി അൻസ്വാറുകളോടും മുഹാജിറുകളോടും അഭിപ്രായമാരാഞ്ഞിരുന്നു. മുഹാജിറുകൾ വീണ്ടും വീണ്ടും മുന്നോട്ടു വന്ന് യുദ്ധം ചെയ്യണമെന്ന കാര്യത്തിന് ഊന്നൽ നൽകിക്കൊണ്ട് സംസാരിച്ചു. എന്നാൽ അവരുടെ വാക്കുകൾ കേട്ടതിനു ശേഷവും നബി(സ) തിരുമേനി അല്ലയോ ജനങ്ങളേ അഭിപ്രായം പറയൂ എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരു അൻസ്വാരീ സ്വഹാബിയായ സഅദുബ്നു മുആദ് ചോദിച്ചു; തിരുമേനിയുടെ ഉദ്ദേശ്യം ഞങ്ങളാണോ? നബി(സ)തിരുമേനി പറഞ്ഞു; 'അതെ' സഅദുബനു മുആദ് പറഞ്ഞു; ഞങ്ങൾ തീർച്ചയായും തിരുമേനിയുമായി ഒരു ഉടമ്പടിയുണ്ടാക്കിയിരുന്നു. അത് പ്രത്യേകമായ സാഹചര്യത്തിലായിരുന്നു. എന്നാൽ ഇപ്പോൾ താങ്കളെ അല്ലാഹുവിന്റെ സത്യറസൂലായി മനസ്സിലാക്കിയിരിക്കെ അഭിപ്രായം പറയേണ്ടതിന്റെ ആവശ്യകതയെന്താണ്. തിരുമനസ്സ് ഞങ്ങളോട് കല്പിക്കുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ കുതിരകളുമായി സമുദ്രത്തിലേക്ക് ചാടുന്നതാണ്. ഞങ്ങൾ മൂസായുടെ അനുചരൻമാരെപ്പോലെ 'നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്യുക ഞങ്ങൾ ഇവിടെതന്നെ ഇരിക്കുന്നതാണ്' എന്നു പറയുകയില്ല. മറിച്ച് ഞങ്ങൾ അങ്ങയുടെ ഇടത്തും വലത്തും മുമ്പിലും പിമ്പിലും നിന്നുകൊണ്ട് പൊരുതുന്നതാണ്. ഞങ്ങളുടെ ശവശരീരങ്ങളെ ചവിട്ടിയരച്ചുകൊണ്ടല്ലാതെ ശത്രുവിന് താങ്കളുടെയടുത്തെത്താൻ സാധിക്കുകയില്ല. അദ്ദേഹം(ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുകയാണ്; എന്റെ അഭിപ്രായത്തിൽ ഈ ആത്മാർത്ഥരായിട്ടുള്ള സ്വഹാബികളും അല്ലാഹു നബി(സ) തിരുമേനിയുടെ സംരക്ഷണത്തിനായി നിയോഗിക്കപ്പെട്ട മുഅഖ്ഖിബാത്ത് അഥവാ പാറാവുകാരിൽപ്പെടുന്നു.

ഒരു സ്വഹാബി പറയുകയാണ്; ഞാൻ നബി(സ) തിരുമേനിയുടെ കൂടെ പതിമൂന്ന് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട് എങ്കിലും ആ യുദ്ധങ്ങളിൽ പങ്കെടുക്കുന്നതിനു പകരം സഅദുബ്നു മുആദിന്റെ വായിൽ നിന്നും വന്ന വാക്കുകൾ എന്റെ വായിൽ നിന്നു വന്നതായിരുന്നെങ്കിൽ എന്ന് പലതവണ ആഗ്രഹിച്ചിട്ടുണ്ട്.

ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് ഉഹദ് യുദ്ധത്തെക്കുറിച്ച് വിവരിച്ചു കൊണ്ട് ഇപ്രകാരം എഴുതുന്നു; അസർ നമസ്കാരത്തിനു ശേഷം നബി(സ) തിരുമേനി സ്വഹാബാക്കളുടെ ഒരു വൻ സംഘത്തോടൊപ്പം മദീനയിൽ നിന്നും പുറപ്പെട്ടു. ഔസ്, ഖദ്രജ് ഗോത്രങ്ങളിലെ നേതാക്കളായ സഅദുബ്നു മുആദും സഅദുബ്നു ഉബാ

ദയും നബി(സ) തിരുമേനിയുടെ യാത്രാമൃഗത്തിന്റെ മുമ്പിലായി പതുക്കെപ്പതുക്കെ ഓടുന്നുണ്ടായിരുന്നു മറ്റു സ്വഹാബികൾ തിരുമേനിയുടെ ഇടത്തും വലത്തും മുന്നിലും പിന്നിലുമായി സഞ്ചരിച്ചുകൊണ്ടിരുന്നു. ഉഹദു യുദ്ധത്തിൽ നിന്നും തിരിച്ചെത്തിയപ്പോൾ നബി(സ)തിരുമേനി കുതിരപ്പുറത്തു നിന്നും ഇറങ്ങി ഹദ്റത്ത് സഅദുബ്നു മുആദിന്റെയും ഹദ്റത്ത് സഅദുബ്നു ഉബാദയുടെയും സഹായത്താൽ വീടിനകത്തു പ്രവേശിച്ചു. ഹദ്റത്ത് സഅദുബ്നു മുആദിന്റെ മാതാവിന് നബി(സ) തിരുമേനിയോടുള്ള സ്നേഹം എത്രമാത്രം ഉണ്ടായിരുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുന്നു;

ഉഹദു യുദ്ധം കഴിഞ്ഞു തിരിച്ചുവരുമ്പോൾ സഅദുബ്നു മുആദ്(റ) നബി(സ) തിരുമേനിയുടെ യാത്രാമൃഗത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് വളരെ അഭിമാനത്തോടെ നടക്കുകയായിരുന്നു. യുദ്ധത്തിൽ അദ്ദേഹത്തിന്റെ സഹോദരനും വധിക്കപ്പെട്ടിരുന്നു. ഹദ്റത്ത് സഅദ്(റ)ന്റെ മാതാവിന് അപ്പോൾ എൺപതോ എൺപത്തിരണ്ടോ വയസ്സുണ്ടായിരുന്നു. കാഴ്ച നന്നേ മങ്ങിയിരുന്നു. നബി(സ) തിരുമേനി ശഹീദായിരിക്കുന്നുവെന്ന കിംവദന്തി മദീനയിൽ പരന്നിരിക്കുകയായിരുന്നു. ഇതു കേട്ടപ്പോൾ ആ വൃദ്ധയായ സ്ത്രീയും തപ്പിത്തടഞ്ഞുകൊണ്ട് മദീനയുടെ പുറത്തേക്കു വരികയായിരുന്നു. അതു കണ്ട സഅദ് പറഞ്ഞു; യാ റസൂലല്ലാഹ് എന്റെ മാതാവ് വരുന്നു. നബി(സ)തിരുമേനി ആ വൃദ്ധയുടെ സമീപത്തെത്തിയപ്പോൾ അവർ സ്വന്തം മക്കളെക്കുറിച്ച് ഒന്നും തന്നെ ചോദിച്ചില്ല. നബി(സ)തിരുമേനി എവിടെ എന്നു മാത്രമാണ് ചോദിച്ചത്. ഹദ്റത്ത് സഅദ് മറുപടി പറഞ്ഞു; ഇതാ നിങ്ങളുടെ മുമ്പിൽ ത്തന്നെ നിൽക്കുന്നു. ആ വൃദ്ധ മുഖമുയർത്തി കാഴ്ച മങ്ങിയ കണ്ണുകൾ ക്കൊണ്ട് തിരുമേനിയുടെ തിരുമുഖം ദർശിച്ചു. നബി(സ) തിരുമേനി പറഞ്ഞു; മാതാവേ, നിങ്ങളുടെ യുവാവായ മകൻ ശഹീദായതിൽ എനിക്കു ഖേദമുണ്ട്. വാർദ്ധക്യത്തിൽ സാധാരണയായി ഇത്തരം വാർത്ത കേൾക്കുമ്പോൾ ഒരാളുടെ സ്വബോധം നഷ്ടപ്പെടുന്നതാണ്. എന്നാൽ എത്ര സ്നേഹം നിറഞ്ഞ മറുപടിയാണ് ആ വൃദ്ധ നൽകിയത്. അവർ പറഞ്ഞു; യാ റസൂലല്ലാഹ്, താങ്കളെന്താണീ പറയുന്നത്? താങ്കളെക്കുറിച്ചുള്ള ആശങ്ക മാത്രമായിരുന്നു എനിക്കുണ്ടായിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചതിനു ശേഷം അഹ്മദീ വനിതകളുടെ തബ്ലീഗ് കർത്തവ്യങ്ങളെക്കുറിച്ച് ഉണർത്തിക്കൊണ്ട് പറയുകയുണ്ടായി; ഇസ്‌ലാമിന്റെ പ്രചാരണത്തിനായി പുരുഷൻമാരോടൊപ്പം ഒപ്പത്തിനൊപ്പം പ്രവർത്തിച്ചിരുന്ന വനിതകളായിരുന്നു അവർ. അവർ ഇസ്‌ലാമികലോകം അഭിമാനം കൊള്ളുന്ന ത്യാഗങ്ങൾ സമർപ്പിച്ച വനിതകളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നു എന്നതാണ് നിങ്ങളുടെയും വാദം. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയുടെ പ്രതിഛായയാകുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നിങ്ങൾ സ്വഹാബിയാക്കളുടെ പ്രതിഛായകളാകുന്നു. നിങ്ങൾ ശരിക്കും പറയുക, ആ സ്വാഹാബിയ വനിതകളിൽ ഉണ്ടായിരുന്ന വികാരാവേശം തന്നെയാണോ നിങ്ങളിലും അലതല്ലുന്നത്? അവരിൽ ഉണ്ടായിരുന്ന അതേ പ്രകാശം തന്നെയാണോ നിങ്ങളുടെയുള്ളിലുമുള്ളത്? അവരുടെതു പോലെ നിങ്ങളുടെ സന്താനങ്ങളും സാത്വികരാണോ? ചിന്തിച്ചുനോക്കുകയാണെങ്കിൽ അവരെക്കാളും എത്രയോ പുറകിലാണെന്ന് തങ്ങളെന്ന് നിങ്ങൾക്ക് കാണാം. ലോകത്ത് ഇന്നേവരെ സ്വഹാബിയകൾ ചെയ്ത ത്യാഗങ്ങൾക്ക് സമാനതകൾ കാണാൻ സാധിക്കുകയില്ല. അവർ അവരുടെ ജീവൻ പണയം വച്ചു ചെയ്ത ത്യാഗങ്ങൾ അല്ലാഹുവിനു എത്ര കണ്ട് പ്രിയങ്കരമായിരുന്നു എന്നാൽ വളരെ പെട്ടെന്നുതന്നെ അവർക്ക് അല്ലാഹു വിജയം നൽകുകയുണ്ടായി. മറ്റു സമുദായങ്ങൾ നൂറ്റാണ്ടുകൾ കൊണ്ട് നേടാത്ത കാര്യങ്ങൾ സ്വഹാബാക്കളും സ്വഹാബിയകളും ഏതാനും വർഷങ്ങൾക്കൊണ്ട് ചെയ്തുകാണിക്കുകയുണ്ടായി.

ഹുസൂർ പറഞ്ഞു; ഇവിടെ അദ്ദേഹം സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു സംസാരിച്ചിരുന്നത്. അതുകൊണ്ടാണ് അവരുടെ കാര്യം പരാമർശിച്ചത്. അല്ലാത്തപക്ഷം നിരവധി അവസരങ്ങളിൽ ഖലീഫമാർ എപ്പോഴും പറഞ്ഞുവരുന്ന ഒരു കാര്യം, ഞാനും നിരവധി തവണ പറഞ്ഞുകഴിഞ്ഞിട്ടുള്ള കാര്യം നമ്മുടെ പുരുഷന്മാരും ഇതേ മാതൃക കാണിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ നമ്മൾ ലോകത്ത് ഇസ്‌ലാമിന്റെ സന്ദേശത്തെ വ്യാപിക്കുന്നവരാണെന്നും ലോകരെ ഇസ്‌ലാമിന്റെ പതാകയ്ക്കു കീഴിൽ കൊണ്ടു വരുമെന്ന ദൗത്യം ഏറ്റെടുത്തിരിക്കുന്നവരാണെന്നുമുള്ള വാദം നമുക്കു പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. സ്വഹാബാക്കൾ നമ്മുടെ മുന്നിൽ കാണിച്ച മാതൃകയനുസരിച്ചാണ് നമ്മുടെയും ത്യാഗങ്ങളും കർമ്മങ്ങളുമെങ്കിൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ.

ഹുസൂർ പറഞ്ഞു; യഹൂദി ഗോത്രമായ ബനൂനദീർ, നബി(സ) തിരുമേനിയെ കല്ലുരുട്ടി വീഴ്ത്തി ചതിയിലൂടെ കൊലപ്പെടുത്താൻ പദ്ധതിയിട്ടു. അല്ലാഹു വെളിപാടിലൂടെ നബി(സ) തിരുമേനിക്ക് അക്കാര്യത്തെക്കുറിച്ച് അറിവു നൽകി. നബി(സ)തിരുമേനി ആ ഗോത്രത്തെ ഉപരോധിക്കുവാൻ കല്പനയിട്ടു. അതിന്റെ ഫലമായി ആ ഗോത്രം മദീനയിൽനിന്നും നാടുകടത്തപ്പെട്ടു. ബനൂനദീറുമായുള്ള യുദ്ധത്തിൽനിന്നും ഗനീമത്തുമുതൽ ലഭിച്ചപ്പോൾ നബി(സ) തിരുമേനി ഔസിനേയും ഖദ്‌രജിനേയും വിളിച്ചുചേർത്തു. നബി(സ) തിരുമേനി അല്ലാഹുവിനെ സ്തുതിച്ചു. അനന്തരം മുഹാജിറുകളുടെ മേൽ അൻസ്വാറുകൾ ചെയ്ത ഔദാര്യങ്ങളെക്കുറിച്ച് വിവരിച്ചു. അതിനു ശേഷം പറഞ്ഞു; നിങ്ങളിഷ്ടപ്പെടുന്നെങ്കിൽ ബനൂനദീറിൽ നിന്നും ലഭിച്ച യുദ്ധമുതലുകൾ നിങ്ങൾക്കും മുഹാജിറു

കൾക്കുമിടയിൽ ഞാൻ വിതരണം ചെയ്യാം. അങ്ങനെയാണെങ്കിൽ മുഹാജിറുകൾ മുമ്പത്തെ പോലെ നിങ്ങളുടെ വീടുകളിൽത്തന്നെ തുടരുന്നതാണ്. അതല്ലെങ്കിൽ മറ്റൊരു മാർഗവുമുണ്ട്. നിങ്ങൾ ഇച്ഛിക്കുകയാണെങ്കിൽ ഈ മുതൽ മുഹാജിറുകളിൽ മാത്രമായി വിതരണം ചെയ്യുകയും അവർ നിങ്ങളുടെ വീടുകളിൽ നിന്നും ഇറങ്ങിപ്പോകുകയും ചെയ്യുന്നതാണ്. അപ്പോൾ ഹദ്റത്ത് സഅദുബ്നു ഉബാദയും ഹദ്റത്ത് സഅദുബ്നു മുആദും പറഞ്ഞു; യാ റസൂലല്ലാഹ്! താങ്കൾ ഈ മുതലുകൾ മുഹാജിറുകളിൽ തന്നെ വിതരണം ചെയ്തുകൊള്ളുക. എന്നാൽ അവർ മുമ്പെന്നപോലെ ഞങ്ങളുടെ വീടുകളിൽത്തന്നെ താമസിക്കുന്നതാണ്.  കൂടാതെ സാഹോദര്യബന്ധത്തിന്റെ പരമ്പര നിലനിൽക്കുന്നതുമാണ്. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു; അല്ലാഹുവേ! നീ അൻസ്വാറുകളുടെയും അവരുടെ സന്താനങ്ങളുടെയും മേൽ കാരുണ്യം ചൊരിയേണമേ. അതിനു ശേഷം നബി(സ) തിരുമേനി യുദ്ധമുതലുകൾ മുഹാജിറുകൾക്കിടയിൽ വിതരണം ചെയ്തു. ശേഷം നബി(സ) തിരുമേനി  അബൂഹുഖൈഖ് എന്ന യഹൂദിയുടെ, യഹൂദികൾക്കിടയിൽ വളരെ പ്രശസ്തമായ വാൾ സഅദുബ്നു മുആദിനു നൽകുകയുണ്ടായി.

ഹദ്റത്ത് ആയിശ(റ)യുടെ മേൽ അപവാദം ഉന്നയിക്കപ്പെട്ടപ്പോൾ നബി(സ)തിരുമേനിക്ക് വലിയ വിഷമ ഘട്ടത്തിലൂടെ കടന്നുപോകേണ്ടി വന്നു. കപടവിശ്വാസികളുടെ മോശമായ പെരുമാറ്റരീതികളെക്കുറിച്ച് നബി(സ) തിരുമേനി ഒരിക്കൽ സ്വഹാബാക്കളുടെ മുന്നിൽ വിവരിച്ചപ്പോൾ ഹദ്റത്ത് സഅദുബ്നു മുആദ് നിസ്സ്വാർത്ഥമായ ജീവാർപ്പണത്തിന്റെ പ്രകടനം കാഴ്ച വയ്ക്കുകയുണ്ടായി. നബി(സ) തിരുമേനി സ്വഹാബാക്കളെ വിളിച്ചു ചേർത്തുകൊണ്ടു ചോദിച്ചു; എന്നെ പ്രയാസത്തിലകപ്പെടുത്തിയ വ്യക്തിയിൽ നിന്നും എന്നെ രക്ഷിക്കാൻ നിങ്ങളിലാരുണ്ട്? അപ്പോൾ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന ഹദ്റത്ത് സഅദുബ്നു മുആദ് എഴുന്നേറ്റു നിന്നുകൊണ്ടു പറഞ്ഞു;  യാ റസൂലല്ലാഹ്! ആ വ്യക്തി ഞങ്ങളുടെ കൂട്ടത്തിലുള്ളതാണെങ്കിൽ ഞങ്ങൾ ആ വ്യക്തിയെ വധിക്കാൻ തയ്യാറാണ്. ഇനി ഖദ്റജിൽ നിന്നുള്ളതാണെങ്കിൽ കൂടി ആ വ്യക്തിയെ വധിക്കാൻ ഞങ്ങൾ തയ്യാറാണ്.

ഖന്ദഖ് യുദ്ധത്തിനിടയിൽ അബൂസുഫിയാൻ ബനൂ ഖുറൈസാ ഗോത്രത്തിന്റെ നേതാവായ കഅ്ബുബിൻ അസ്വദിനെ പ്രലോഭനങ്ങൾ നൽകിക്കൊണ്ട് മുസ്‌ലിംകൾക്ക് നാശമുണ്ടാകുമെന്ന് വിശ്വസിപ്പിച്ച് മുസ്‌ലിംകളുമായി ചെയ്ത ഉമ്പടി ലംഘിക്കാൻ നിർബന്ധിപ്പിക്കുകയുണ്ടായി. കൂടാതെ മക്കയിലെ സത്യനിഷേധികളുടെ സഹായിയായിരിക്കുമെന്നും സമ്മതിപ്പിച്ചു. ബനൂ ഖുറൈസായുടെ ഭയാനകമായ വിശ്വാസവഞ്ചനയെക്കുറിച്ച് നബി(സ)തിരുമേനിക്ക് അറിവു ലഭിച്ചപ്പോൾ ഔസ്, ഖദ്റജ് ഗോത്രങ്ങളുടെ നേതാക്കളായ സഅദുബ്നു മുആദിനെയും സഅദുബ്നു ഉബാദയെയും മറ്റു സ്വാധീനമുള്ള സ്വഹാബികളെയും ഒരു സംഘത്തിന്റെ രൂപത്തിൽ ബനൂഖുറൈസയിലേക്കയച്ചു. ഉടമ്പടിയെക്കുറിച്ച് ഓർമ്മിച്ചപ്പോൾ ബനൂഖുറൈസയും അവരുടെ നേതാവായ കഅ്ബുബ്നു അസ്വദും പറഞ്ഞു; പോകൂ മുഹമ്മദും(സ) ഞങ്ങളും തമ്മിൽ യാതൊരു ഉടമ്പടിയുമില്ല. ഈ വാക്കുകൾ കേട്ടപ്പോൾ സ്വഹാബികളുടെ ആ സംഘം എഴുന്നേറ്റ് തിരിച്ചുവന്നു. സഅദുബ്നു മുആദും സഅദുബ്നു ഉബാദയും നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായിക്കൊണ്ട് അവസ്ഥയെക്കുറിച്ച് ഉചിതമായ രീതിയിൽ വിവരം നൽകുകയും ചെയ്തു.

ഖന്ദഖ് യുദ്ധം അവസാനിച്ച് നഗരത്തിലേക്ക് തിരികെയെത്തിയപ്പോൾ ബനൂഖുറൈസയുടെ വിശ്വാസവഞ്ചന, കലാപം സൃഷ്ടിക്കുവാനുള്ള ശ്രമം എന്നിവയ്ക്കുള്ള ശിക്ഷ നൽകാൻ അല്ലാഹു ജാഗ്രതാ ദർശനത്തിലൂടെ നബി(സ) തിരുമേനിയെ അറിയിച്ചു. ഈ യുദ്ധത്തിന്റെ വിശദീകരണം സുദീർഘമാണ്. അതിലും അന്തിമ തീരുമാനമെടുക്കുന്നതിൽ സഅദുബ്നു മുആദിനു മുഖ്യപങ്കുണ്ട്. അതിപ്പോൾ വിവരിക്കുവാനുള്ള സമയമില്ല. ഇൻശാഅല്ലാഹ് പിന്നീട് വിശദീകരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 03.07020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516